# Weekend Bulletin
## Knanaya Catholic Mission, Chicago
August 27, 2006, Vol. 1, Issue 48
www.knanayamission.org/chicago/bulletin.htm



**മെയ്‌വുഡിലെ നമ്മുടെ തിരുഹൃദയ ക്നാനായ കാത്തലിക് ദൈവാലയം**
**പ്രഥമ ദിവ്യബലി സെപ്റ്റംബർ 1 വെള്ളി 7:00 P.M.**
**പള്ളിയുടെ ഉദ്ഘാടനം സെപ്റ്റംബർ 3 ഞായർ 10:00 A.M.**
**മതബോധന സ്കൂൾ ആരംഭം സെപ്റ്റംബർ 10 ഞായർ 11:15 A.M.**
**ഇടവകയായി ഉയർത്തൽ സെപ്റ്റംബർ 24 ഞായർ 10:00 A.M.**
**ഏവർക്കും സ്വാഗതം!**

Our Sacred Heart Knanaya Catholic Church at 305 S. 6th Ave, Maywood
First Holy Mass on Friday, September 1 at 7:00 P.M.
Official Inauguration of the church on Sunday, September 3 at 10:00 A.M.
Beginning of Religious Education Schools on Sunday September 10th.
Elevation of Mission as Parish on Sunday, September 24 at 10:00 A.M.
ALL ARE WELCOME!



# Mission Director's Column

## വരൂ, ചരിത്ര മുഹൂർത്തങ്ങൾക്കു സാക്ഷികളാകൂ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവ കൃപയാൽ നമുക്കു സ്വന്തമായൊരു ദൈവാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയാണ്. സെപ്റ്റംബർ ഒന്നാം തീയതി വെള്ളിയാഴ്ച മുതൽ മെയ്‌വുഡിലെ 305 S. 6th Ave വിലുള്ള സെൻറ് ജയിംസ് പള്ളി ചിക്കാഗോ അതിരൂപതയോടു ക്നാനായ കാത്തലിക് മിഷൻ വാങ്ങി തിരുഹൃദയ ദൈവാലയമായി ഉപയോഗിച്ചു തുടങ്ങുകയാണ്. അന്നാണ് നമ്മുടെ പള്ളിയുടെ "ജന്മദിനം."

നമ്മുടെ ദൈവാലയത്തിലെ പ്രഥമ ദിവ്യബലി മാസാദ്യ വെള്ളിയാഴ്ചയും എട്ടു നോമ്പു തുടങ്ങുന്ന ദിവസവും പള്ളിയുടെ "ജന്മദിന"വുമായ സെപ്റ്റംബർ 1–ാം തീയതി വൈകുന്നേരം ഏഴുമണിക്ക് ആയിരിക്കും. തുടർന്നു ദൈവത്തിനു നന്ദി അർപ്പിച്ചുകൊണ്ട് ആരാധനയും നടത്തപ്പെടും.

പള്ളിയുടെ ഔപചാരിക ഉദ്ഘാടനം സെപ്റ്റംബർ 3–ാം തീയതി ഞായറാഴ്ച 10:00 മണിക്ക് ആരംഭിക്കുന്ന ദിവ്യബലിയോടനുബന്ധിച്ചു നടക്കും. അന്ന് വിശേഷാൽ പ്രാർത്ഥനാദിനമായിട്ടാണ് ആചരിക്കുക. ഉദ്ഘാടനത്തെ തുടർന്ന് പ്രശസ്ത സംഗീത സംവിധായകനായ സണ്ണി സ്റ്റീഫൻ നയിക്കുന്ന

*(Continued on page 3)*

## CONTACT INFORMATION

**Mission Director**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254 / (773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**Bulletin Editor & Coordinator**
Mathachen Chemmachel
(708) 557-1907

**Trustees**
Alex Kannachamparambil
Roy Kannothara, Joy Nediyakalayil
Jose Pinarkayil

**Sacristians**
Sunny Thekkeprambil
Jose Idiyalil

**Secretary & PRO**
George Thottappuram

**Finance**
John Elakkatt & Baby Karickal

**Religious Education**
Johny Thekkeparambil
Tomy Kunnassery
Maneesh Kaimoolayil
Josmy Edukkuthara
Gipthy Chakkalathottiyil
Abeena Karickal

**Children Ministry**
Bino Machanickal
Saly Kizhakkekuttu
Merril Idiyalil
Christine Kulangara

**Teens Ministry**
Dr. Tessy Kanjirathumkal
Tito Kandarappally, Lucy Kaniyaly
Sabu Naduveettil

**Youth Ministry**
Sabu Mutholam, Tissy Njaravelil
Lisa Kanjirathumkal
Meryl Thekkeparambil

**Young Adult Ministry**
Saju Palakunnel, Falix Chemmachel
Sona Keezhangattu

**Adult Ministry**
Jose Thazhathuvettathu

**Women Ministry**
Gracy Vachachira, Mary Alumkal
Mercy Idiyalil, Ancy Aikkaraparambil
Saba Nedumchira

**Senior Citizens Ministry**
Joy Choottuvelil (Convenor)
Biju Poothura, Mathias Pullappally

**Better Family Movement**
Joy Chemmachel

## SUNDAY SCHEDULE

**S. H. Knanaya Catholic Church**
305 S. 6th Ave., Maywood, IL 60153
Holy Mass @ 10:00 A.M.
Novena to Our Lady of Perpetual Help after Holy Mass

**Our Lady of Victory (OLV) Church**
5212 W. Agatite Ave.,
Chicago, IL 60630
Holy Mass @ 5:30 P.M.

## RELIGIOUS EDUCATION

ON SUNDAYS
11:15 A.M. at Maywood
3:45 P.M. at OLV Chicago

## NOVENA TO ST. JUDE

Thursdays at 7:00 P.M.
with Holy Mass and Benediction
at Community Center, 5110 N. Elston Ave, Chicago, IL 60630.

September 2006

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## Schedule of Events

**SATURDAY, AUGUST 26, 2006**
LAST Holy Mass and Novena at Addison at 5:00 P.M.

**SUNDAY, AUGUST 27, 2006**
Holy Mass at OLV Church Lower level at 5:30 P.M.

**THURSDAY, AUGUST 31, 2006**
Mass, Novena, and Benediction at Community Center at 7:00 P.M.

**FRIDAY, SEPTEMBER 1, 2006**
എട്ടു നോമ്പ് ആരംഭം, മാസാദ്യ വെള്ളി
First Holy Mass and Adoration in Maywood at 7:00 P.M.

**SATURDAY, SEPTEMBER 2, 2006**
NO SERVICE AT ADDISION TODAY

**SUNDAY, SEPTEMBER 3, 2006**
INAUGURATION OF OUR SACRED HEART CHURCH IN MAYWOOD
Inaugural Mass and Novena at 10:0 A.M.
Lighting of the candle.
Music Ministry by Sunny Stephen
Lunch Served by Women Ministry of the Mission
Adoration of the Blessed Sacrament.

Holy Mass at OLV Church Lower level at 5:30 P.M.

**THURSDAY, SEPTEMBER 7, 2006**
Mass, Novena, and Benediction at Community Center at 7:00 P.M.

**FRIDAY, SEPTEMBER 8, 2006**
മാതാവിന്റെ പിറവി തിരുന്നാൾ ദിനം

**SATURDAY, SEPTEMBER 9, 2006**
RELIGIOUS EDUCATION TEACHERS' TRAINING at Community Center from 10:00 A.M. to 4:00 P.M.

**SUNDAY, SEPTEMBER 10, 2006**
Beginning of Religious Education Schools

Holy Mass at 10:00 A.M. at Maywood followed by Religious Education.

First Religious Education Class at OLV Chicago at 3:45 P.M.
Holy Mass at OLV Chicago at 5:30 P.M.

“ആത്മീയ വിരുന്നും” തിരുമണിക്കൂർ ആരാധനയും ഉണ്ടായിരിക്കും. വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സ്നേഹ വിരുന്ന് ക്രമീകരിച്ചിട്ടുണ്ട്. അന്നത്തെ തിരുക്കർമ്മങ്ങൾ 2:30 വരെ ആയിരിക്കും. മെയ്‌വുഡിൽ എല്ലാ ഞായറാഴ്ചയും രാവിലെ 10:00ന് ദിവ്യബലിയും തുടർന്ന് നിത്യ സഹായ മാതാവിൻെറ നൊവേനയും ഉണ്ടായിരിക്കും. സെപ്റ്റംബർ മുതൽ ആഡിസണിൽ കുർബാന ഉണ്ടായിരിക്കുന്നതല്ല.

മതബോധന സ്കൂൾ സെപ്റ്റംബർ 10 മുതൽ മെയ്‌വുഡിലെ തിരുഹൃദയ ദൈവാലയത്തിൽ രാവിലെ 10:00നുള്ള കുർബാനയെ തുടർന്നു നടത്തപ്പെടും. വേദപാഠ സമയത്ത് നൊവേന, ഒപ്പീസ്, മിഷൻെറ വിവിധ മിനിസ്ട്രികളുടെ സമ്മേളനങ്ങൾ, ധ്യാനം, ആരാധന, മുതലായവ സൗകര്യം പോലെ നടത്തുന്നതാണ്. സമുദായാംഗങ്ങൾക്ക് കൂടുതൽ സാമൂഹ്യ സല്ലാപത്തിനും പള്ളിയോടനുബന്ധിച്ച് സൗകര്യമൊരുക്കും.

നമ്മുടെ കുട്ടികളും യുവജനങ്ങളും എല്ലാ ഞായറാഴ്ചകളിലും ഒന്നിച്ചു മതബോധന പരിശീലനത്തിലും ദിവ്യബലിയിലും പങ്കെടുക്കുന്നത് അവരുടെ ആത്മീയ വളർച്ചയ്ക്കു മാത്രമല്ല, സാമുദായിക വികസനത്തിനും വഴിയൊരുക്കുമെന്ന് കഴിഞ്ഞ രണ്ടു വർഷത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ നിങ്ങളുടെ മക്കളെ നമ്മുടെ പള്ളിയിൽത്തന്നെ മതബോധനം പഠിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ സൗകര്യം ചെയ്തുകൊടുക്കുമല്ലോ. മെയ്‌വുഡിൽ വരുവാൻ അസൗകര്യമുള്ളവർക്കു വേണ്ടി ചിക്കാഗോയിലെ ഓ.എൽ.വി. പള്ളിയിൽ ഞായറാഴ്ചകളിൽ 3:45 മുതൽ വേദപാഠവും 5:30 ന് ദിവ്യബലിയും ഉണ്ടായിരിക്കും.

സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച രാവിലെ 10:00 മണിക്കുള്ള ദിവ്യബലിയ്ക്ക് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവും അനവധി വൈദികരും കാർമ്മികത്വം വഹിക്കും. കുർബ്ബാന മദ്ധ്യേ ക്നാനായ കാത്തലിക് മിഷനെ തിരുഹൃദയ ക്നാനായ കാത്തലിക് ഇടവകയായി ഉയർത്തിക്കൊണ്ട് അഭിവന്ദ്യ പിതാവ് പ്രഖ്യാപനം നടത്തും. തുടർന്ന് ഇടവകയുടെ ഉദ്ഘാടന സമ്മേളനം സ്കൂൾ ഹാളിൽ വച്ച് ഉണ്ടായിരിക്കും. സമ്മേളനത്തിൽ ചിക്കാഗോ അതിരൂപതയുടെ പ്രതിനിധി ബിഷപ്പ് തോമസ് പപ്രോക്കി, മെയ്‌വുഡ് സിറ്റി മേയർ, പോലീസ് ചീഫ് തുടങ്ങിയവർ പ്രസംഗിക്കുന്നതാണ്.

ഗുഡലൂപ്പെ മാതാവിൻെറ അത്ഭുതം നടക്കുന്ന പള്ളിയാണ് ചിക്കാഗോ അതിരൂപതയിൽനിന്ന് നമുക്കു ലഭ്യമായിരിക്കുന്നത് എന്നത് ഒരു ഭാഗ്യമാണ്. എന്നാൽ ആ ഇടകയിലെ ബഹുഭൂരിപക്ഷം വരുന്ന സ്പാനിഷ്കാരുടെ ഏറ്റം പ്രിയപ്പെട്ട അവിടുത്തെ ഗുഡലൂപ്പെ മാതാവിൻെറ രൂപം അവർ അടുത്ത പള്ളിയിലേക്കു കൊണ്ടുപോകുന്നതിനാൽ പകരം മെക്സിക്കോയിലെ ഗുഡലൂപ്പെയിൽനിന്നു തന്നെ നാം മറ്റൊരു തിരുസ്വരൂപം വാങ്ങി അത്ഭുതം നടന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി പ്രാർത്ഥിച്ച് സെപ്റ്റംബർ 24ന് നമ്മുടെ പള്ളിയിൽ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിൻെറ കാർമ്മികത്വത്തിൽ പ്രതിഷ്ഠിക്കുന്നതാണ്. അതിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്ത 43പേരടങ്ങുന്ന തീർത്ഥാടക സംഘം സെപ്റ്റംബർ 24ന് ഗുഡലൂപ്പെയ്ക്കു പോകുന്നതാണ്.

നമ്മുടെ ദൈവാലത്തിലെ പ്രഥമ ദിവ്യബലി, പള്ളിയുടെ ഉദ്ഘാടനം, ഇടവകയായി ഉയർത്തൽ എന്നിവ ആഗോള ക്നാനായ സമുദായ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. അതിനാലാണ് നമ്മുടെ രണ്ടു മെത്രാപ്പോലീത്താമാരും ജൂലൈയിൽ നാട്ടിൽ നിന്ന് ഇവിടെ വന്നിരുന്നത്. അവർക്ക് ഈ ചരിത്ര സംഭവങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെന്നത് നമുക്കും അവർക്കും ബുദ്ധിമുട്ടുളവാക്കുന്നുണ്ട്. എങ്കിലും കോട്ടയം അതിരൂപതയ്ക്കു വെളിയിലെ ക്നാനായ കത്തോലിക്കരുടെ പ്രഥമ ദൈവാലയവും ഇടവകയും ജനിക്കുന്ന ഈ ചരിത്ര മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കുവാൻ നമുക്കു ഭാഗ്യം നല്കുന്ന സർവ്വേശനു നന്ദി പറയാം.

നമ്മുടെ അംഗബലവും സാമ്പത്തിക നിലയും വച്ചുനോക്കുമ്പോൾ ഏറ്റവും അനുയോജ്യമായ സ്ഥലമോ സൗകര്യമോ അല്ല മെവുഡിലെ പള്ളിയെങ്കിലും ഇതു ചരിത്രപരമായ നല്ലൊരു തുടക്കമായിരിക്കും. തുടർന്നു നമുക്ക് മെച്ചപ്പെട്ട മറ്റൊരു ദൈവാലയത്തിനുവേണ്ടി ശ്രമിക്കാവുന്നതാണ്. യോജിച്ചു നിന്ന് ദൈവഹിതത്തിനു കീഴ്‌വഴങ്ങിയാൽ നമുക്ക് എന്താണു നേടാൻ സാധിക്കാത്തത്?

മെയ്‌വുഡിലെ പള്ളിയും സ്കൂളും വൈദിക വസതിയും നാം വങ്ങുന്നത് 975,000 ഡോളറിനാണ്. കൂടാതെ പ്രാഥമിക ചിലവുകൾ ഉൾപ്പെടെ ഒരു മില്ല്യണിലധികം ഡോളർ ഉടനെ നമുക്കാവശ്യമാണ്. അതിന് ഉദാരമായി സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു. എന്നാൽ ഇനിയും 350,000 ഡോളർ കൂടി ഉടൻ ഉണ്ടാകണം. അതിനാൽ പള്ളിയിൽ വരുമ്പോൾ എല്ലാവരും തങ്ങളുടെ സംഭാവന ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബത്തിനും കുറഞ്ഞ നിരക്കായി നിശ്ചയിച്ചിരിക്കുന്നത് 2,500 ഡോളറാണെങ്കിലും സാധിക്കുന്നവരെല്ലാം 5,000മോ അതിലധികമോ നല്കി സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. സംഭാവന തന്നവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

മെയ്‌വുഡിലെ നമ്മുടെ പള്ളിയും ഹോളും വ്യക്തികളുടെ തിരുക്കർമ്മങ്ങൾക്കും പാർട്ടികൾക്കും ലഭ്യമായിരിക്കും. ഹോളിനു ക്ലീനിംഗ് ചാർജ് ഉൾപ്പെടെ 450 ഡോളറാണു നിശ്ചയിച്ചിരിക്കുന്നത്. പള്ളിക്കു വാടകയില്ല. എന്നാൽ മെയ്ൻറനൻസിനായി സംഭാവന പ്രതീക്ഷിക്കുന്നുണ്ട്. ബുക്കിംഗിന് പ്രോഗ്രാം കോർഡിനേറ്റർ മത്തച്ചൻ ചെമ്മാച്ചേലുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 708-557-1907.

നമ്മുടെ ഈ ദൈവാലയം പ്രവാസി ക്നാനായക്കാരുടെ സഭാപരമായ വളർച്ചയിൽ പുതിയൊരു വഴിത്തിരിവാകുമെന്നതിൽ സംശയമില്ല. കൂടുതൽ ദൈവാലയങ്ങൾ ചിക്കാഗോയിലും മറ്റു സ്ഥലങ്ങളിലും നമ്മുടെ സമുദായത്തിനുണ്ടാകുവാൻ ഇതു പ്രചോദനമാകട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ മിഷൻ ഇടവകയായി വളരുന്ന ഈ സുപ്രധാന ഘട്ടത്തിൽ നമ്മുടെ പുതിയ ഇടവകയ്ക്കുവേണ്ടിയും എളിയവനായ എനിക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ട്,

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം

*ലോകത്തിലെ ഏറ്റം കൂടിയ പോക്കറ്റടിക്കാരുടെയും പിടിച്ചുപറിക്കാരുടേയും ആസ്ഥാനമാണ് റോമിലെ വത്തിക്കാൻ. എങ്കിലും ദൈവിക പദ്ധതിപ്രകാരം അവിടെയാണ് കത്തോലിക്കാ സഭയുടെ ആസ്ഥാനം.*



# KNANAYA CATHOLIC MISSION - CHICAGO
# SCHOOLS OF RELIGIOUS EDUCATION
# APPLICATION FOR STUDENT REGISTRATION - 2006-2007

Please use separate forms for each student from the same family. It is helpful for filing.
Please fill up the form even if it is for on-going students. You may avoid optional questions.
Payment is to be made at the time of registration.
All students attending the school are required to participate in the Holy Mass.

FOR ALL STUDENTS:

1. Today's Date: __________________ 2. Grade during 2006-'07 ___________________

3. Student's Last Name: ______________________ 4. First Name: __________________________

5. Family Name if different than above: __________________________________________________

FOR NEW STUDENTS: (#6 to 19 are optional for ongoing students. Please proceed to #20).

6. Gender: Boy ____ Girl ____ 7. Date of Birth: _________________________

8. Address: ______________________________ 9. City: ____________________________

10. State: _____________ 11. Zip _____________ 12. Phone: ____________________________

13. Student's Date of Baptism: ______________________________________________________

14. Parish where Baptized: _________________________________________________________

15. Previous School attended (if applicable): ___________________________________________

16. Father: ____________________________ 17. Mother: __________________________

Original Parish in India: Father: _____________________________________________

Mother: _____________________________________________

19. Emergency Phone Number: ________________ Name: ______________________________

FOR ALL STUDENTS:

20. Annual Fee Paid: _________________
(For One child including books and other study materials $125.00 per year
For each additional student from the same family $ 100.00 per year)

21. Campus Preference: [ ] Maywood (Sundays 11:15—12:30 Noon) [ ] OLV Chicago (Sundays 3:45—5:00 P.M.)

Parent's Name and Signature: ______________________________ Date: ___________________

NB: Please write checks payable to "Religious Education, Knanaya Catholic Mission"
Mailing Address: Fr. Abraham Mutholath, 5212 W. Agatite Ave, Chicago, IL 60630.

# മെയ്‌വുഡ് പള്ളി എൻെറ വീക്ഷണത്തിൽ



ജോയി ചെമ്മാച്ചേൽ

ഒരു പള്ളിയും അതേ തുടർന്നുള്ള വിവാദങ്ങളും കെട്ടടങ്ങി. എങ്കിലും അതുയർത്തിയ ചില പരാമർശനങ്ങൾ ഇപ്പോഴും വിശ്വാസികളുടെ ഉള്ളിൽ മിന്നി മിന്നി നിൽക്കുന്നുണ്ട്. നാം വാങ്ങിയ പള്ളിയേപ്പറ്റി ഉണ്ടായത് അതാണ്. അതു വാങ്ങുവാൻ തുനിഞ്ഞപ്പോൾ ഉണ്ടായ ഭിന്ന സ്വരം ഈ അസ്പഷ്ടമായ കാഴ്ചപ്പാടുമൂലമാണെന്നു പറയുന്നതിൽ ഖേദമുണ്ട്.

ഒരു ആരാധനാലയം എന്നത് ഏതൊരു വിശ്വാസിയുടെയും അഭിമാനവും ആഗ്രഹവുമാണ്. അത് അംബര ചുംബിയാകണമെന്ന് ആഗ്രഹിക്കുന്നവർ അവരുടെ സ്റ്റാറ്റസിനെ മാത്രം മാനിക്കുന്ന ചെറിയവരായതുകൊണ്ടാണ്. അതിനെ എതിർക്കുന്നില്ല. പക്ഷെ ചില വസ്തുതകൾ നാം മനസ്സിലാക്കണം.

ബാരിംഗ്ടണിൽ എട്ട് ഏക്കർ സ്ഥലത്ത് 1,500 പേർക്കിരിക്കാവുന്ന കൊടിവെച്ച പള്ളി രണ്ടര മില്ല്യന് കിട്ടാവുന്ന സ്ഥിതി വന്നിട്ടുപോലും നമ്മുടെ സമൂഹം ആഡംബരമാണ് എന്ന മുട്ടായുക്തി പറഞ്ഞ് തള്ളിക്കളയുകയുണ്ടായി.

ഗ്ലെൻവ്യൂവിൽ പള്ളി സോണിങ്ങോടുകൂടി 10 ഏക്കർ സ്ഥലം ഒരു മില്യൺ ഡോളറിനു കിട്ടവുന്ന സ്ഥിതി വന്നപ്പോഴും നിസ്സാര കാര്യങ്ങൾ പറഞ്ഞ് അതും തള്ളിക്കളഞ്ഞു. ഒരു വർഷത്തിനു ശേഷം ആ സ്ഥലം 5 മില്യൺ ഡോളറിനു വിൽക്കുകയുണ്ടായി. 800 പേർക്കിരിക്കാവുന്ന ബോളിംഗ് ബ്രൂക്കിലെ പള്ളി 8 ലക്ഷം ഡോളറിനു കിട്ടാവുന്ന സ്ഥിതി വന്നപ്പോൾ അതും തള്ളിക്കളഞ്ഞു. ഒരു വർഷത്തിനു ശേഷം അവർ അത് 1.5 മില്ല്യണു വിറ്റു.

മെയ്‌വുഡ് പള്ളി എൻെറ കാഴ്ചപ്പാടിൽ വലിയൊരു ഭാഗ്യമാണ്. നമ്മുടെ വിശ്വാസികൾക്കും സഭയ്ക്കും അതു വലിയൊരു ഭാഗ്യം തന്നെയാണ്. ഈ ദൈവാലയം കർത്താവ് നമുക്കനുഗ്രഹിച്ചു തന്നതാണ്. കറമ്പർ താമസിക്കുന്ന സ്ഥലമായതുകൊണ്ട് സുരക്ഷിതമല്ലെന്നും പകിട്ടില്ലെന്നുമായിരുന്നല്ലോ വാദം. നാം വാങ്ങിയ ആരാധനാലയത്തിലെ വികാരിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആയിരത്തിലധികം സ്പാനിഷ് കുടുംബങ്ങൾ ഇവിടെ ആരാധനയ്ക്കായി എത്തുന്നുവെന്നാണ്. എന്നുവച്ചാൽ കൂടുതൽ വിശ്വാസികൾ ഈ പള്ളിയിലേക്ക് എത്തുന്നുവെന്നർത്ഥം. മറ്റുള്ളവർ പറയുന്നതു ശ്രദ്ധിക്കാതെ ഈ സ്ഥലം നേരിൽപോയി കണ്ട് വിലയിരുത്തുവാനാണ് ഓരോ വിശ്വാസിയോടും എനിക്കു പറയുവാനുള്ളത്.

**രണ്ടു തവണയിലധികം വിവിധ എതിർപ്പുകൾ മൂലം നമ്മുടെ സഭയ്ക്കു നഷ്ടമായ സുവർണ്ണാവസരം ഇത്തവണ നഷ്ടപ്പെടുത്താഞ്ഞത് ഈശ്വരൻെറ ഇടപെടൽ കൊണ്ടാണ്. ആരാധനാലയത്തിൻെറ സ്ഥലമോ സ്റ്റൈലോ അല്ല അതിനെ ദൈവികമാക്കുന്നത്; മറിച്ച് വിശ്വാസമാണ്. എക്കാലവും പള്ളി വാങ്ങുന്നതിനായി പണം നല്കാൻ മടിയുള്ളവർ എന്തെങ്കിലും കാരണം പറഞ്ഞ് നമ്മുടെ സമൂഹത്തിൻെറ പുരോഗമനത്തെ തടയിടുന്നു. പള്ളി വേണമെന്നു പറയുമ്പോൾ കമ്മ്യൂണിറ്റി സെൻറർ വേണമെന്നു പറയുകയും, കമ്മ്യൂണിറ്റി സെൻറർ വേണമെന്നു പറയുമ്പോൾ പള്ളി വേണമെന്നു പറയുകയും ചെയ്യുന്നു. ഇങ്ങനെ ഓരോ കാരണങ്ങൾ പറഞ്ഞ് പണം നല്കാതിരിക്കാനുള്ള പദ്ധതികൾക്ക് സ്വയം രൂപം നല്കുന്നു.**

സംഭവിക്കുന്നതെല്ലാം ദൈവ നിശ്ചയമെന്നു വിശ്വസിക്കുന്നയാളാണു ഞാൻ. സ്വന്തം ഇച്ഛയെ ദൈവഹിതവുമായി ബന്ധപ്പെടുത്തരുത്. പശുവിനെ ശ്രദ്ധിക്കുക. കയറിൻെറ നീളത്തിൽ പുല്ലുതിന്നുവാനാണ് യജമാനൻ പശുവിനെ അനുവദിച്ചിരിക്കുന്നത്. പക്ഷേ, ആ വൃത്തത്തിനകത്ത് എവിടെ വേണമെങ്കിലും മേയാനും മേയാതിരിക്കുവാനും പശുവിനു സ്വാതന്ത്ര്യമുണ്ട്. അവിടെ പുല്ലു തിന്നു തീർന്നാൽ യജമാനൻ പശുവിനെ മാറ്റിക്കെട്ടും. ഇതു തന്നെയാണ് നമ്മുടെ ആഗ്രഹവും ഈശ്വരേച്ഛയും തമ്മിലുള്ള വ്യത്യാസം. ഏകാഗ്രമായ ഭക്തിയും നല്ല മനസ്സുമുണ്ടെങ്കിൽ ഏതു ദുർവിധിയും അനുകൂലമാക്കി മാറ്റുവാനുള്ള ഈശ്വര കൃപയുണ്ടാകും. നമ്മുടെ പ്രവർത്തിയാണ് ഈശ്വരനിശ്ചയത്തിനു രൂപം കൊടുക്കുന്നത്.

മൂന്നു മില്യൻെറയും നാലു മില്യൻെറയും പ്രോജക്റ്റുകൾ പറയുമ്പോൾ ഞാൻ കെ.സി.എസ്. പ്രസിഡണ്ടായിരിക്കുമ്പോഴുള്ള വിഷയങ്ങൾ ഓർക്കുന്നു. തൊടുകയിലച്ചനോടൊപ്പം രണ്ടര വർഷം പിരിവു നടത്തിയിട്ടും 1.3 മില്യൺ ഡോളറിൻെറ വാഗ്ദാനമാണുണ്ടായത്. പിരിഞ്ഞു കിട്ടിയ തുകകൾ ഇപ്പോൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്നു.

പള്ളി വാങ്ങലുമായി ബന്ധപ്പെട്ട് ഒരു വിശ്വാസിയുടെ അഭിപ്രായ പ്രകടനം നേരിട്ടറിയുവാൻ ഇടവന്നത് എന്നും എൻെറ മനസ്സിൽ ഒരു തേങ്ങലായി അവശേഷിക്കുന്നു. ഈ വിഷയവുമായി ആ മാന്യ വിശ്വാസിയെ സമീപിച്ചപ്പോൾ പറഞ്ഞു: "നമ്മുടെ അച്ചന്മാർ പരമ തെണ്ടികളാണ്. അച്ചന്മാരുടെ തെണ്ടൽ അവസാനിപ്പിക്കാറായില്ലെ" എന്ന്. അല്പം സങ്കടത്തോടെയാണു ഞാനതിനു മറുപടി പറഞ്ഞത്: "അച്ചന്മാർ തെണ്ടുന്നു ... ആർക്കുവേണ്ടി? ഈ സഭയ്ക്കു വേണ്ടി. നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും വേണ്ടി. അവർ തെണ്ടുന്നത് സ്വന്തം വയറ്റിപ്പാടിനല്ല." ഒരു പുരോഹിതൻ സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കുന്നു. വിശ്വാസത്തിനായി അദ്ധ്വാനിക്കുന്നു. അതിന് അദ്ദേഹം ജീവിതം ഉഴിഞ്ഞുവയ്ക്കുന്നു. അതു മാനിക്കുകതന്നെ വേണം.

***മാവിന്മേൽ കല്ലെറിയുമ്പോൾ കല്ലുകൾ മരത്തിലാകമാനം ചെന്നു തറയ്ക്കും. അലക്ഷ്യമായെത്തുന്ന കല്ലുകൾ മരത്തിനു മുറിവുണ്ടാക്കുന്നു. മരത്തിൻെറ പുറം തൊലി പൊട്ടി പുറത്തേയ്ക്കു വരുന്നത് മരത്തിൻെറ കണ്ണുനീർ തന്നെയല്ലേ? ഇതു നാം തിരിച്ചറിയണം. അച്ചനെ പരിഹസിക്കുമ്പോൾ അദ്ദേഹത്തിൻെറ കണ്ണിൽനിന്നു പുറത്തേക്കുവരുന്നത് കണ്ണുനീരാവില്ല ... ആത്മാവിൻെറ ഉള്ളിൽനിന്നു വരുന്ന തേങ്ങലാവും അത്. ...***

കാലദേശ വ്യത്യാസമില്ലാതെ ഷിക്കാഗോ ക്നാനായ സമൂഹത്തിനായി അനുവദിച്ചിരിക്കുന്ന പള്ളി പടുത്തുയർത്തുക എന്നത് നമ്മുടെ ആവശ്യമാണ്. മെയ്‌വുഡ് പള്ളി സ്ഥിതി ചെയ്യുന്നിടത്താണ് പ്രധാന പോലീസ് ഉദ്യോഗസ്ഥന്മാരും മറ്റും താമസിക്കുന്നത്. കൂടാതെ മേയറുടെ ഓഫീസ് എന്നിങ്ങനെ നിരവധി അനുകൂല ഘടകങ്ങൾ നമുക്കായി ദൈവം തുറന്നിടുന്നു. നമ്മുടെ മുൻഗാമികൾ കപ്പൽ കയറിയതും മറ്റും ലാഘവത്തോടെ ആയിരുന്നില്ല. ഏതു പ്രതിസന്ധികളേയും

*(Continued on page 6)*

*(Continued from page 5)*

അതിജീവിച്ചാണ് നമ്മുടെ പൂർവ്വികർ നമ്മെ ഇവിടെവരെ എത്തിച്ചത് എന്നു നാം തിരിച്ചറിയുമ്പോൾ ആ അഭിപ്രായ വ്യത്യാസങ്ങളെല്ലാം പമ്പകടക്കും.

ഒരു കഥ ഓർമ്മ വരുന്നു: ഒരിക്കൽ ഒരു യാത്രക്കാരൻ സത്രത്തിൽ തങ്ങാനിടയായി. മുറിയിലെ നിലം മുഴുവൻ അഴുക്കായിരുന്നു. അയാൾ അതു വൃത്തിയാക്കിയിട്ട് കിടക്കാമെന്നു കരുതി. അയാൾ കുറച്ചു വെള്ളം കൊണ്ടുവന്ന് നിലം തുടയ്ക്കാൻ തുടങ്ങി. തുടച്ചപ്പോഴാണ് കൂടുതൽ പ്രശ്നം ഉണ്ടായത്. തുടയ്ക്കുന്തോറും നിലം കൂടുതൽ ഇളകിക്കൊണ്ടിരുന്നു. അപ്പോഴാന് അതു മണ്ണുകൊണ്ടുള്ള നിലമാണെന്നു മനസ്സിലായത്. ഉടൻതന്നെ അയാൾ നിലത്തിനു മുകളിൽ കട്ടിയുള്ള പായയും അതിനു മുകളിൽ മെത്തയും വിരിച്ച് ഉറങ്ങുവാൻ നിശ്ചയിച്ചു.

മനുഷ്യമനസ്സും ഈ നിലം പോലെയാണ്. ദുഷ് ചിന്തകളെ നാം വേട്ടയാടുന്നത് നമ്മെ കൂടുതൽ തളർത്തുകയേയുള്ളൂ. അതിലും നല്ലത് നല്ല ചിന്തകളെ പരിപോഷിപ്പിക്കുന്നതാണ്. ദുഷ്ചിന്തകളുടെമേൽ സദ് ചിന്തകളാകുന്ന പായയും മെത്തയും ഒന്നിനു മീതെ ഒന്നായി അടുക്കുക. ഇങ്ങനെ നല്ല ചിന്തകളുടെ പ്രവാഹം കുറേക്കാലം ഉണ്ടായാൽ പിന്നെ ദുഷ്ചിന്തകൾ ഉയരുകപോലുമില്ല.

ഒന്നുകൂടി,

**നമുക്കു കൂടുതൽ ആരാധനാലയങ്ങൾ ഉണ്ടാകണം. ആരാധനയും സഹവർത്തിത്വവും ഉണ്ടാകണം. സഭ ശക്തമാകണം. പൊതു തീരുമാനങ്ങൾ സാങ്കേതിക കാരണങ്ങൾ കൊണ്ട് നടക്കാതെ പോകരുത്. നമുക്കു കൂടുതൽ ആരാധനാലയങ്ങൾ ഉണ്ടാകണം. അതു നമ്മുടെ കുട്ടികൾക്കായുള്ള കരുതിവയ്പാണ്. അവ നമ്മുടെ സഭയ്ക്കും സമുദായത്തിനും വ്യക്തികൾക്കും നന്മ മാത്രമേ സമ്മാനിക്കുകയുള്ളൂ. തിന്മയെക്കുറിച്ചു ചിന്തിക്കുന്നതിനേക്കാൾ നല്ലത് അത് ഉണ്ടാകാതിരിക്കുവാൻ പ്രാർത്ഥിക്കുന്നതല്ലേ?**

മനുഷ്യരായ നമ്മൾ ശരിയാണെന്നു സമർത്ഥിച്ചെടുക്കുവാൻ ശ്രമിക്കുന്ന പല കാര്യങ്ങളും നമ്മുടെ സ്വാർത്ഥതയുടെ ശരിയാണെന്നു മനസ്സിലാക്കുക. എന്നാൽ യഥാർത്ഥ ശരിയും ശക്തിയും ദൈവത്തിൽ നിന്നറിയുക. പ്രാർത്ഥിക്കുന്ന, സ്നേഹിക്കുന്ന, പങ്കുവയ്ക്കുന്ന സമൂഹം എന്നും യേശുവിനു സാക്ഷ്യമായിരിക്കും. അതിനു ശാരീരിക ഊർജ്ജവും മാനസിക ഊർജ്ജവുമല്ല ആവശ്യം; ആത്മീയ ഊർജ്ജം തന്നെ വേണം. നമുക്കൊന്നിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. അതിനുള്ള കർമ്മ വേദിയാകട്ടെ നമ്മുടെ ദൈവാലയം.

മെയ്‌വുഡിലെ തിരുഹൃദയ ക്നാനായ ദൈവാലയത്തിൻെറ ഉദ്ഘാടനത്തോടനുബന്ധിച്ച്
ഗാന ശുശ്രൂഷയോടുകൂടിയ

# ആത്മീയവിരുന്ന്



നയിക്കുന്നത്:
"തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ"
തുടങ്ങി അനവധി ഭകതി ഗാനങ്ങൾ സഭയ്ക്കു സമ്മാനിച്ച
പ്രശസ്ത പിന്നണി ഗായകൻ

## സണ്ണി സ്റ്റീഫൻ

സെപ്റ്റംബർ 3 ഞായറാഴ്ച 11:30 മുതൽ 2:30 വരെ
At Sacred Heart Knanaya Catholic Church, 305 S. 6th Ave, Maywood, IL 60153
ഏവർക്കും സ്വാഗതം!

READERS / LECTORS — ഫലാഗമ കാലം / കൈത്താ കാലം

| AUG 26 & 27 | PASSAGE | ADDISION / MAYWOOD | OLV CHICAGO |
|---|---|---|---|
| 1st Reading | Joshua 24:1-2a, 15-17, 18b | Joel Chakalackal | Josmy Joseph |
| 2nd Reading | Ephesians 5:21-32 | Jerome Puthenpurakal | Philip Abraham |
| SEPT 03 | | | |
| 1st Reading | Deuteronomy 4:1-2, 6-8 | Ancy Aikkaraparambil | TBA |
| 2nd Reading | James 1:17-18, 21b-22, 27 | Lucy Kaniyaly | TBA |



വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ
ദമ്പതികൾക്കുവേണ്ടി

## ഏകദിന പ്രാർത്ഥനാ സെമിനാർ.



2006 സെപ്റ്റംബർ 17 ഞായറാഴ്ച 10:00 മുതൽ 4:00 വരെ
മെയ്‌വുഡിലെ തിരുഹൃദ ദൈവാലയത്തിൽ
നയിക്കുന്നത്:

## പ്രൊഫ. ആലീസ് ചാലുങ്കൽ

*Prof. Alicekutty Chalunkal is a retired English professor from Mercy College, Palakkad. She is single and has devoted her whole life for the evangelization. She is one of the founding members of the Jesus youth ministry. She initiated "Thoovanisa" a ministry for the spiritual empowerment of women in Kerala. She was a member of the National Charismatic Team in India for many years. She is member of the advisory committee to CBCI - CCI for Syro Malabar. She is conducting a course for Kerigma, all over the world for spiritual leaders. She is a well-known preacher and has a special charism in family counseling.*

Sacred Heart Knanaya Catholic Parish offers

## MARRIAGE PREPARATION COURSE

from October 13th evening to 15th evening
at our church in Maywood

For reservations, please contact
Tonny Pullappally
or other members of Family Commission

## FOR THE ATTENTION OF FIRST COMMUNION RECEPIENTS OF 2006

Your children (boys and girls) are invited to participate in the procession and inauguration ceremony of Sacred Heart Knanaya Catholic Church in Maywood on September 3rd at 10:00 A.M.
Please contact Josmy Edukkuthara
or Lizy Thottapuram



| *WEEKLY COLLECTIONS* | |
|---|---|
| Addison Collection on August 19 | 223.00 |
| OLV Chicago Collection on August 20 | 340.75 |


## RN Review

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

www.excelrn.com


Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.







**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA
……………………………………………
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641
**ALEX MULLAPPALLIL**
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
EQUALHOUSINGLENDER
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee

COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)

Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUALHOUSINGLENDER

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals
EQUAL OPPORTUNITY LENDER

